# കേരള സർക്കാർ


ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കാസർകോട്


ഏപ്രിൽ 24

APRIL 24

2019

*1194 മേടം10* , ബുധൻ

## പത്രക്കുറിപ്പ്-1


www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145


### കാസർകോട് ലോക്സഭാ മണ്ഡലത്തിൽ

### 80.57 ശതമാനം പോളിങ്

**പോളിങ്ങിൽ 2.08 ശതമാനം വർധന; 85.86 ശതമാനവുമായി**

**പയ്യന്നൂർ നിയമസഭാ മണ്ഡലം മുന്നിൽ**

പതിനേഴാം ലോക്സഭാ തെരഞ്ഞെടുപ്പിൽ കാസർകോട് ലോക്സഭാ മണ്ഡലത്തിൽ 80.57 ശതമാനം പോളിങ്. ഏഴു നിയോജക മണ്ഡലങ്ങളിലായി ആകെയുള്ള 13,60,827 വോട്ടർമാരിൽ 10,96,470 പേർ സമ്മതിദാനാവകാശം വിനിയോഗിച്ചു. 5,07,594 പുരുഷന്മാരും 5,88,875 സ്ത്രീകളും ഒരു ട്രാൻസ് ജെൻഡറുമാണ് വോട്ട് രേഖപ്പെടുത്തിയത്. 6,56,433 പുരുഷന്മാരും 7,04,392 സ്ത്രീകളുമായിരുന്നു വോട്ടർ പട്ടികയിലുണ്ടായിരുന്നത്. സ്ത്രീകളാണ് വോട്ട് ശതമാനത്തിൽ മുന്നിട്ടു നിൽക്കുന്നത്.

2014ൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് പോളിങ് ശതമാനത്തിൽ വർധനയുണ്ട്. കഴിഞ്ഞ തവണ 78.49 ശതമാനമായിരുന്നു മണ്ഡലത്തിലെ പോളിങ് നില. ഇത്തവണ പോളിങ്ങിൽ 2.08 ശതമാനം വർധനയാണ് രേഖപ്പെടുത്തിയത്.

പയ്യന്നൂർ നിയോജക മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ പോളിങ് നടന്നത്. 85.86 ശതമാനമാണ് പോളിങ്. പയ്യന്നൂർ നിയോജക മണ്ഡലത്തിലെ 1,75,116 വോട്ടർമാരിൽ 1,50,358 പേരാണ് വോട്ട് രേഖപ്പെടുത്തിയത്. മഞ്ചേശ്വരത്താണ് ഏറ്റവും കുറവ് (75.87 ശതമാനം). കല്യാശേരിയിൽ 83.06 ശതമാനവും തൃക്കരിപ്പൂരിൽ 83.46, കാഞ്ഞങ്ങാട് 81.31, ഉദുമ 79.33, കാസർകോട് 76.32 ശതമാനം എന്നിങ്ങനെയാണ് പോളിങ് നില.

1,317 ബൂത്തുകളിലായയാണ് വോട്ടെടുപ്പ് നടന്നത്. രാവിലെ ഏഴു മുതൽ വൈകീട്ട് ആറുവരെ നടന്ന വോട്ടെടുപ്പിൽ ആറുമണിക്ക് ക്യൂവിലുണ്ടായിരുന്നവർക്ക് ടോക്കൺ നൽകി വോട്ട് ചെയ്യാൻ അനുവദിച്ചു. എന്നാൽ ചില ബൂത്തുകളിൽ വോട്ടിങ് യന്ത്രങ്ങളിൽ തകരാറുണ്ടായത് കാരണം വോട്ടെടുപ്പ് രാത്രിയിലാണ് അവസാനിച്ചത്. തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി 3872 ഉദ്യോഗസ്ഥരെയാണു നിയമിച്ചിരുന്നത്. ഇവർക്ക് പുറമേ 668 റിസർവ്ഡ് ജീവനക്കാരുമുണ്ടായിരുന്നു. പോളിങ് ബൂത്തുകളിലെ സുരക്ഷാ ചുമതല നിർവഹിക്കുന്നതിന് 2641 പൊലീസുകാരെയും വിന്യസിപ്പിച്ചിരുന്നു.

ജില്ലയിലെ വോട്ടെണ്ണൽ കേന്ദ്രമായ പടന്നക്കാട് നെഹ്റു ആർട്സ് ആന്റ് സയൻസ് കോളജിലെ 15 സ്ട്രോങ് റൂമുകളിലായാണ് 1317 ബൂത്തുകളിലെ വിവിപാറ്റ് ഉൾപ്പെടെയുള്ള വോട്ടിങ് മെഷിനുകൾ കനത്ത സുരക്ഷാ സന്നാഹങ്ങളോടെ സൂക്ഷിച്ചിരിക്കുന്നത്.

## വോട്ടിങ് യന്ത്രങ്ങളും വിവിപാറ്റും സ്ട്രോങ് റൂമിൽ എത്തിച്ചു

കാസർകോട് ലോക്സഭാ മണ്ഡലത്തിലെ തെരഞ്ഞടുപ്പിന് ഉപയോഗിച്ച വോട്ടിങ് യന്ത്രങ്ങളും വിവിപാറ്റും പടന്നക്കാട് നെഹ്റു കോളേജിലെ സ്ട്രോങ് റൂമിൽ ഇന്നലെ(24) പുലർച്ചെ അഞ്ചു മണിയോടെ എത്തിച്ചു. ഏഴ് നിയോജക മണ്ഡലങ്ങളിലെ വോട്ടിങ് യന്ത്രസാമഗ്രികളാണ് 15 സ്ട്രോങ് റൂമുകളിലായി സൂക്ഷിച്ചിരിക്കുന്നത്. കാസർകോട് ഗവൺമെന്റ് കോളേജിലെയും പടന്നക്കാട് നെഹ്റു ആർട്സ് ആൻഡ് സയൻസ് കോളേജിലെയും സ്വീകരണ കേന്ദ്രങ്ങൾ വഴി സ്വീകരിച്ച വോട്ടിങ് സാമഗ്രികളാണ് സ്ട്രോങ് റൂമിലേക്ക് മാറ്റിയത്.

കാസർകോട് ഗവൺമെന്റ് കോളേജിൽ പോളിങ് ഉദ്യോഗസ്ഥരിൽ നിന്ന് കൈപ്പറ്റിയ വോട്ടിങ് സാമഗ്രികൾ കനത്ത പൊലീസ് സുരക്ഷയോടെയാണ് പടന്നക്കാട് നെഹ്റു കോളേജിൽ എത്തിച്ചത്. ജില്ലാ വരണാധികാരി കൂടിയായ ജില്ലാ കളക്ടർ ഡോ.ഡി സജിത് ബാബു, മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് പൊതു നിരീക്ഷകൻ എസ് ഗണേഷ്, ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ വി.പി അബ്ദു റഹ്മാൻ, ഏഴ് നിയമസഭാ മണ്ഡലങ്ങിലേയും ഉപവരണാധികാരികളായ സബ്കളക്ടർ അരുൺ കെ വിജയൻ, കാസർകോട് ആർ ഡി ഒ അബ്ദു സമദ് പി.എ, ഡെപ്യൂട്ടി കളക്ടർ(എൽ ആർ) എസ്.എൽ സജികുമാർ, ഡെപ്യൂട്ടി കളക്ടർ(എൽ എ) നളിനി മാവില,

ഡെപ്യൂട്ടി കളക്ടർ(ആർ ആർ) പി.ആർ രാധിക, കണ്ണൂർ ഡെപ്യൂട്ടി കളക്ടർ(എൽ ആർ) സി.ജി ഹരികുമാർ, കണ്ണൂർ ജില്ലാ സപ്ലൈ ഓഫീസർ റഷീദ് മുതുകണ്ടി, സ്ഥാനാർത്ഥികളുടെ പ്രതിനിധികൾ എന്നിവരുടെ സാന്നിധ്യത്തിലാണ് വോട്ടിങ് സാമഗ്രികൾ സീൽ ചെയ്ത് സ്ട്രോങ് റൂമിൽ സൂക്ഷിച്ചത്.

ത്രിതല സുരക്ഷാ സംവിധാനമാണ് സ്ട്രോങ് റൂമിൽ ഒരുക്കിയിരിക്കുന്നത്. കേന്ദ്രസേന, സംസ്ഥാന പൊലീസ്, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് എന്നിവരടങ്ങുന്നതാണ് ത്രിതല സുരക്ഷാ സംവിധാനം. വോട്ടെണ്ണൽ ദിനമായ മേയ് 23 ന് മാത്രമേ സ്ട്രോങ് റൂം തുറക്കുകയുള്ളൂ.

ഫോട്ടോ അടിക്കുറിപ്പ്:- സ്ട്രോങ് റൂം:-

കാസർകോട് ലോക്സഭാ മണ്ഡലത്തിലെ വോട്ടിങ് യന്ത്രങ്ങളും വിവിപാറ്റും സൂക്ഷിച്ചിരിക്കുന്ന പടക്കാട് നെഹ്റു കോളേജിലെ സ്ട്രോങ് റൂമിന് മുന്നിൽ തോക്കുമായി കാവൽ നിൽക്കുന്ന സുരക്ഷാഭടൻ.

## ചായ്യോത്ത് സ്കൂളിലെ ബൂത്തിൽ 99 ശതമാനം പോളിങ്

### 61.7 ശതമാനവുമായി രാമന്തളി സ്കൂളിലെ ബൂത്ത് ഏറ്റവും പിന്നിൽ

കാസർകോട് ലോക്സഭാ മണ്ഡലത്തിൽ 99 ശതമാനം പോളിങ്ങോടെ ചായ്യോത്ത് സ്കൂളിലെ ബൂത്ത് ശ്രദ്ധേയമായി. കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ ചായ്യോത്ത് ഗവ. ഹയർസെക്കൻഡറി സ്കൂളിലെ 190-ാം നമ്പർ ബൂത്താണ് കാസർകോട് ലോക്സഭാ മണ്ഡലത്തിലെ ഏറ്റവും ഉയർന്ന പോളിങ് നിലയുമായി അപൂർവ നേട്ടം കരസ്ഥമാക്കിയത്. പയ്യന്നൂർ നിയോജക മണ്ഡലത്തിലെ രാമന്തളി ഗവ. ഹയർസെക്കൻഡറി സ്കൂളിലെ 116-ാം ബൂത്തിലാണ് ലോക്സഭാ മണ്ഡലത്തിലെ ഏറ്റവും കുറവ് (61.7) പോളിങ് രേഖപ്പെടുത്തിയത്.

മഞ്ചേശ്വരത്തെ ഒരു ബൂത്തിലും പോളിങ് നില 90 ശതമാനം കടന്നില്ല. മഞ്ചേശ്വരത്ത് ഏറ്റവും കൂടിയ പോളിങ് (88 ശതമാനം) ജിഎച്ച്എസ്എസ് പദ്രെയിലെ 198-ാം ബൂത്തിലും കുറവ് (65.8 ശതമാനം) കുർച്ചിപള്ള ഗവ. ഹിന്ദുസ്ഥാനി യുപി സ്കൂളിലെ 79 -ാം ബൂത്തിലുമാണ്.

കാസർകോട് ഏറ്റവും കൂടുതൽ വോട്ട് (92.1 ശതമാനം) രേഖപ്പെടുത്തിയത് കുണ്ടില അങ്കണവാടിയിലെ 47-ാം ബൂത്തിലാണ്. ഈ മണ്ഡലത്തിൽ മറ്റു ബൂത്തുകളിലൊന്നും പോളിങ് നില 90 ശതമാനം കടന്നില്ല. ഏറ്റവും കുറവ് (61.8 ശതമാനം) തളങ്കര ഗവ. മുസ്ലിം എൽപി സ്കൂളിലെ 170 -ാം ബൂത്തിലാണ്.

ഉദുമയിൽ കൂടിയത് (92.1 ശതമാനം) പാക്കം ജിഎച്ച്എസിലെ 115 -ാം ബൂത്തിലും കുറവ് (65.2 ശതമാനം) മൗവ്വലിലെ രിഫാഇയ്യ എൽപിഎസിലെ 119 -ാം ബൂത്തിലുമാണ്.

കാഞ്ഞങ്ങാട് ഏറ്റവും കുറവ് (69.2 ശതമാനം) പടന്നക്കാട് ശ്രീ നാരായണ ടിടി യിലെ 171 -ാം ബൂത്തിലാണ്.

തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ എഎൽപിഎസ് പാലായിയിലെ 24 -ാം നമ്പർ ബൂത്തിൽ 98.2 ശതമാനം പോളിങ് ചെയ്തു. ഏറ്റവും കുറവ്(69.7 ശതമാനം) പടന്ന വികെപികെ എച്ച്എംഎംആർ വിഎച്ച്എച്ച്എസ്എസിലെ 139 -ാം ബൂത്തിലാണ്.

പയ്യന്നൂരിൽ ഏറ്റവും കൂടുതൽ (97.2 ശതമാനം) പോളിങ് നടന്നത് മണിയറ ജിഎൽപി സ്കൂളിലെ 54 -ാം ബൂത്തിലാണ്. കല്യാശേരിയിൽ കടന്നപ്പള്ളി എൽപി സ്കൂളിലെ 52 -ാം ബൂത്തിൽ 98.7 ശതമാനവും ഗവ. ഗേൾസ് എച്ച്എസ് മാടായിയിലെ 65 -ാം ബൂത്തിൽ ഏറ്റവും കുറഞ്ഞ (66.5 ശതമാനം) പോളിങ് നിലയും രേഖപ്പെടുത്തി.

## ലോക മലമ്പനി ദിനാചരണം ഇന്ന്

ലോക മലമ്പനി ദിനാചരണം ജില്ലാതല പരിപാടി ഇന്ന്(25)രാവിലെ 10ന് എ.എൽ.പി.സ്കൂൾ ബല്ലകടപ്പുറം ആവിക്കരയിൽ നടത്തും. ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടി കാഞ്ഞങ്ങാട് നഗരസഭചെയർമാൻ വി.വി രമേശൻ ഉദ്ഘാടനം ചെയ്യും. വാർഡ് കൗൺസിലർ എ.നാരായണൻ അധ്യക്ഷത വഹിക്കും. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.പിദിനേശ്കുമാർ മുഖ്യപ്രഭാഷണം നടത്തും.

'മലമ്പനിനിവാരണത്തിന്റെ തുടക്കം എന്നിൽ നിന്ന്' എന്നതാണ് ഈവർഷത്തെ ലോക മലമ്പനിദിനത്തിന്റെ മുദ്രാവാക്യം. പൊതുജനങ്ങളിൽ രോഗത്തെകുറിച്ച് അവബോധം സൃഷ്ടിച്ചു രോഗനിയന്ത്രണം സാധ്യമാകുക എന്നതാണ് മുഖ്യമായും ലക്ഷ്യമിടുന്നത്. 2020 തോടെ തദ്ദേശീയ മലമ്പനി പൂർണ്ണമായും ഇല്ലാതാക്കുക, മലമ്പനി മരണം ഒഴിവാക്കുക തുടങ്ങിയവയും പ്രധാനലക്ഷ്യങ്ങളാണ്.

അനോഫിലസ് വിഭാഗത്തിൽപ്പെടുന്ന പെൺ കൊതുകുകൾ ആണ് രോഗം പരത്തുന്നത്. പ്ലാസ്മോഡിയം വിഭാഗത്തിൽപ്പെടുന്ന ഏകകോശജീവികളാണ് രോഗകാരി. ഇടവിട്ടുള്ള ദിവസങ്ങളിൽ ശക്തമായ വിറയലും പനിയും കുളിരും ശരീരം വിയർക്കലും രോഗലക്ഷണങ്ങളാണ്. കൊതുകു കടിയിലൂടെ രോഗം ഒരാളിൽ നിന്ന് മറ്റൊരാളിലേക്കു പകരുന്നു. കൊതുകു വളരാനും പെരുകാനുമുള്ള സാധ്യത ഒഴിവാക്കുക. കൊതുകു കടി എൽക്കാതിരിക്കാൻ കൊതുകുവല ഉപയോഗിക്കുക, ഡ്രൈഡേ ആചരിക്കുക. വെള്ളക്കെട്ടുള്ള സ്ഥലങ്ങൾ, കിണറുകൾ എന്നിവിടങ്ങളിൽ കൂത്താടി നിവാരണത്തിന് മത്സ്യങ്ങളെ നിക്ഷേപിക്കുക തുടങ്ങിയവ രോഗപ്രതിരോധത്തിന്റെ ഭാഗമായി നടത്താം. ഇതരസംസ്ഥാനങ്ങളിൽ യാത്ര കഴിഞ്ഞു വരുന്നവർ

പനിയുണ്ടെങ്കിൽ നിർബന്ധമായും രക്തപരിശോധന നടത്തി മലമ്പനി ഇല്ലെന്ന് ഉറപ്പുവരുത്തുക. ഇതരസംസ്ഥാന തൊഴിലാളികൾ, മുൻവർഷങ്ങളിൽ മലമ്പനി രോഗബാധ ഉണ്ടായിട്ടുള്ളവർ കൃത്യമായ ഇടവേളകളിൽ രക്തപരിശോധന നടത്തണം.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തദ്ദേശീയ മലമ്പനി റിപ്പോർട്ട് ചെയ്തിരുന്ന ജില്ലയാണ് കാസർകോട് എങ്കിലും മുൻവർഷങ്ങളേക്കാൾ രോഗാതുരത കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. 2020 ഓടെ ജില്ലയെ മലമ്പനിവിമുക്തജില്ല എന്നലക്ഷ്യത്തിലേക്ക് എത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്.

ഇതിന്റെ ഭാഗമായി മലമ്പനി രോഗവ്യാപനം തടയുന്നതിനായി രോഗാവസ്ഥ മുൻകൂട്ടി കണ്ടെത്തൽ, സമയബന്ധിതമായ ഇടപെടൽ, രോഗപ്രധിരോധ പ്രവർത്തങ്ങളുടെ ഭാഗമായി ജലസംഭരണികളിൽ മലമ്പനി പരത്താൻകഴിവുള്ള അനോഫിലസ് കൊതുകു കൂത്താടികളുടെ പ്രജനനം തടയാനായി ജലസംഭരണികൾക്ക് കൊതുകുവല വിതരണം, കൂത്താടിഭോജി മത്സ്യവിതരണം, അതിഥിതൊഴിലാളികൾക്ക് മലമ്പനിനിർണ്ണയ രക്തപരിശോധന തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. രോഗപ്രധിരോധത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെയും സന്നദ്ധത സംഘടനകളുടെയും പങ്കാളിത്തവും ഇടപെടലും ഉണ്ടായിരിക്കണമെന്ന് ജില്ലാമെഡിക്കൽ ഓഫീസർ അറിയിച്ചു.

പരിപാടിയുടെ ഭാഗമായി സെമിനാർ, ആരോഗ്യപ്രദർശനം, അതിഥി തൊഴിലാളികളുടെ സ്ക്രീനിംഗ്, കൊതുകു കൂത്താടി നിയന്തണം, ഗപ്പി മത്സ്യനിക്ഷേപം, ഓവർഹെഡ്ടാങ്കുകൾ വല കെട്ടൽ വിഡിയോപ്രദർശനം തുടങ്ങിയവ ഉണ്ടായിരിക്കും.

## ത്രിദിന ചിത്രരചനാ ശില്പശാല ഇന്നു മുതൽ

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖത്തിൽ ഇന്നു(25) മുതൽ ഏപ്രിൽ 27 വരെ പടന്നക്കാട് കാർഷിക കോളേജിൽ കുട്ടികൾക്കായി ത്രിദിന ചിത്രരചനാ ശില്പശാല സംഘടിപ്പിക്കും. പടന്നക്കാട് കാർഷിക കോളേജ് അസോസിയേറ്റ് ഡീൻ ഡോ.പി.ആർ സുരേഷ് ഇന്നു രാവിലെ 10.30 ന് ചിത്രരചനാ ശില്പശാല ഉദ്ഘാടനം ചെയ്യും. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷത വഹിക്കും. ക്യാമ്പ് ഡയറക്ടർ കാരയ്ക്കാ മണ്ഡപം വിജയകുമാർ ക്യാമ്പ് അവലോകനം നടത്തും. സംസ്ഥാനബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണ സമിതി അംഗം വാസു ചോറോട് സ്വാഗതവും സംസ്ഥാനബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എഡിറ്റോറിയൽ അസിസ്റ്റന്റ് പി വി കവിത നന്ദിയും പറയും.

തുടർന്ന് പ്രമോദ് കൂരമ്പാല 'ചിത്രരചന ഒരാമുഖം ' എന്ന വിഷയത്തെയും എ കെ ഗോപീദാസ് രേഖാചിത്രണം എന്ന വിഷയത്തെയും ടി കെ സുജിത് 'കാർട്ടൂൺ രചന ' എന്ന വിഷയത്തെയും ആസ്പദമാക്കി അവതരണം നടത്തും.വൈകീട്ട് 6.30 ന് 'ദ ഡിവൈൻ മൈക്കലാഞ്ചലോ ' എന്ന ചലച്ചിത്ര പ്രദർശനം ഉണ്ടായിരിക്കും.

നാളെ(26) രാവിലെ പ്രൊഫസർ വി ജയചന്ദ്രൻ പോസ്റ്റർ രചന എന്ന വിഷയത്തെയും ശ്യാമശശി സ്റ്റിൽ ലൈഫ്-പ്രയോഗിക പരിശീലനം എന്ന വിഷയത്തെയും ആസ്പദമാക്കി അവതരണം നടത്തും.ഉച്ചയ്ക്ക്ശേഷം രവീന്ദ്രൻ തൃക്കരിപ്പൂർ, ഉണ്ണി കാനായി എന്നിവർ ശില്പനിർമ്മാണം എന്ന വിഷയം അവതരിപ്പിക്കും. വൈകീട്ട് 6.30 ന് ലിയനാർഡോ എന്ന ചലച്ചിത്രം പ്രദർശിപ്പിക്കും. ഏപ്രിൽ 27 ന് രാവിലെ പൊന്ന്യം ചന്ദ്രൻ ജലച്ചായരചന, സചീന്ദ്രൻ കാറഡുക്ക പെയിന്റിങ് പ്രയോഗിക പരിശീലനം എന്നീ വിഷയങ്ങൾ അവതരിപ്പിക്കും.

## ഗസ്റ്റ് അധ്യാപക നിയമനം

മടിക്കൈ ഐ.എച്ച്.ആർ.ഡി മോഡൽ കോളേജിൽ അടുത്ത അധ്യായന വർഷത്തിലേക്ക് താൽക്കാലിക അധ്യാപകരെ നിയമിക്കുന്നു. ഇംഗ്ലീഷ്, കോമേഴ്സ്, മലയാളം, ഹിന്ദി, ജേർണലിസം (പാർട്ട് ടൈം), ഹിസ്റ്ററി(പാർട്ട് ടൈം) തുടങ്ങിയ വിഷയങ്ങളിൽ മെയ് എട്ടിനും ഇലക്ട്രോണിക്സ്, മാത്തമാറ്റിക്സ് (പാർട്ട് ടൈം), കമ്പ്യൂട്ടർസയൻസ്, കമ്പ്യൂട്ടർ പ്രോഗ്രാമർ, തുടങ്ങിയ വിഷയങ്ങളിൽ മെയ് ഒൻപതിനും അഭിമുഖം നടത്തും. ബന്ധപ്പെട്ട വിഷയങ്ങളിൽ 55 ശതമാനത്തിൽ കുറയാതെ ബിരുദാനന്തര ബിരുദമാണ് അടിസ്ഥാന യോഗ്യത. റിട്ടയർ ചെയ്തവരെയും പരിഗണിക്കും. യു.ജി.സി നെറ്റ്, പി.എച്ച്.ഡി, എംഫിൽ അഭിലഷണീയം. താൽപര്യമുള്ളവർ ബന്ധപ്പെട്ട രേഖകളുമായി മെയ് എട്ട്,ഒൻപത് തിയ്യതികളിൽ രാവിലെ 10.30ന് കാഞ്ഞിരപ്പൊയിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫീസിൽ അഭിമുഖത്തിന് എത്തിച്ചേരണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു. ഫോൺ.04672240911

## അപേക്ഷ ക്ഷണിച്ചു

കാസർകോട് എൽ ബി എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ ഉപകേന്ദ്രത്തിൽ മെയ് മൂന്നിന് ആരംഭിക്കുന്ന നാല് മാസം ദൈർഘ്യമുള്ള ഡാറ്റാ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ വിത്ത് മലയാളം കംമ്പ്യൂട്ടിങ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത, എസ്.എസ്.എൽ.സി. കൂടുതൽ വിവരങ്ങൾക്ക് - 04994 221011.

## ഫാഷൻ ഡിസൈനിങ്ങിൽ ഡിഗ്രി

കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ കീഴിലുള്ള അപ്പാരൽ ട്രെയിനിംഗ് ആന്റ് ഡിസൈൻ സെന്ററിന്റെ (എ.റ്റി.ഡി.സി), തളിപ്പറമ്പ്, നാടുകാണിയിലെ സെന്ററിൽ 3

വർഷത്തെ ഫാഷൻ ഡിസൈനിങ് ഡിഗ്രി കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് -0460 2226110, 9995004269, 9744917200.

## കാട വളർത്തലിൽ പരിശീലനം

മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മലമ്പുഴ ഐ.റ്റി.ഐക്ക് സമീപമുള്ള മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ നാളെ **(26) കാട വളർത്തലിൽ** ഒരു ദിവസത്തെ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ നേരിട്ടോ, ഫോൺ മുഖേനയോ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. ഫോൺ നമ്പർ **0491 – 2815454, 8281777080**. പേര് രജിസ്റ്റർ ചെയ്തവർ ആധാർനമ്പറുമായി നാളെ രാവിലെ പത്തിനകം മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ എത്തിച്ചേരണം.

## വേനൽ മഴയിൽ വ്യാപക കൃഷി നാശം

വേനൽമഴയിലും ശക്തമായ കാറ്റിലും നീലേശ്വരം നഗരസഭാ പരിധിയിലെ അങ്കക്കളരി, പഴനെല്ലി ഭാഗങ്ങളിൽ വ്യാപക കൃഷി നാശം. തെങ്ങ്, കവുങ്, നേന്ത്രവാഴ എന്നിവ പൂർണമായും നശിച്ചു. വീടുകൾക്കും കാര്യമായ കേടുപാടുകൾ സംഭവിച്ചു. നാശനഷ്ടം സംഭവിച്ച സ്ഥലങ്ങൾ നഗരസഭാ ചെയർമാൻ പ്രൊഫ. കെ പി ജയരാജൻ കൗൺസിലർ പി മനോഹരൻ, അസിസ്റ്റന്റ് കൃഷി ഓഫീസർ കെ നാണുക്കുട്ടൻ, കൃഷി അസിസ്റ്റന്റ് പി പി കപിൽ, വില്ലേജ് ഓഫീസർ തുളസിരാജ് എന്നിവർ സ്ഥലം സന്ദർശിച്ച് നാശനഷ്ടങ്ങൾ വിലയിരുത്തി.

(അവസാനിച്ചു)